ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 08-04-2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1.) കേരളം നാളെ പോളിങ്ങ് ബൂത്തിലേക്ക്. വോട്ടെടുപ്പിനുള്ള ഒരുക്കങ്ങൾ സംസ്ഥാനത്ത് പൂർത്തിയായി. മണ്ഡലങ്ങളിൽ ഇന്ന് നിശബ്ദ പ്രചാരണം.

**Kerala heads to the polling booths tomorrow. Preparations for voting have been completed across the state. Silent campaigning is underway in constituencies today.**

2) പോളിങ്ങ് സാമഗ്രികളുടെ വിതരണം ജില്ലകളിൽ ആരംഭിച്ചു. ബൂത്തുകളിൽ സുരക്ഷാ ക്രമീകരണം ശക്തം. കേരളത്തിന് പുറമേ അസമിലും പുതുച്ചേരിയിലും നാളെയാണ് വോട്ടെടുപ്പ്.

**Distribution of polling materials has begun in districts. Security arrangements have been strengthened at booths. Voting will also be held tomorrow in Assam and Puducherry along with Kerala**

3) പശ്ചിമേഷ്യൻ പ്രതിസന്ധിക്ക് ആശ്വാസം പകർന്ന് രണ്ടാഴ്ചത്തെ വെടിനിർത്തലിന് സമ്മതം അറിയിച്ച് അമേരിക്കയും ഇറാനും. തീരുമാനത്തിന് പിന്തുണ അറിയിച്ച് ഇസ്രയേൽ.

**Offering relief amid the West Asian crisis, the United States and Iran have agreed to a two-week ceasefire. Israel has expressed support for the decision.**

4) വെടിനിർത്തലിന് പിന്നാലെ ആഗോള വിപണിയിൽ എണ്ണവില കുത്തനെ ഇടിഞ്ഞു. ഓഹരി വിപണിയിൽ കുതിച്ചുചാട്ടം.

**Global oil prices have fallen sharply and stock markets have jumped after US and Iran agreed a conditional two-week ceasefire deal.**

5) അടിസ്ഥാന ബാങ്കിങ്ങ് നിരക്കുകളിൽ മാറ്റം വരുത്താതെ റിസർവ് ബാങ്ക് ദ്വൈമാസ ധനനയം പ്രഖ്യാപിച്ചു

**The Reserve Bank has announced its bi-monthly monetary policy, keeping key banking rates unchanged.**

6) ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ഡൽഹി കാപിറ്റൽസ്, ഗുജറാത്ത് ടൈറ്റൻസിനെ നേരിടും.
**In IPL cricket today, Delhi Capitals will take on Gujarat Titans.**

&&&&&&&&&&&&&&&&&

**HEADLINE-1**

**Kerala Election**

കേരളം നാളെ പോളിങ്ങ് ബൂത്തിലേക്ക്. സംസ്ഥാനത്ത് നാളെ രാവിലെ 7 മണിക്ക് ആരംഭിക്കുന്ന വോട്ടെടുപ്പ് വൈകുന്നേരം ആറ് മണി വരെ നീളും. 140 നിയമസഭ മണ്ഡലങ്ങളിലായി 883 സ്ഥാനാർത്ഥികളാണ് ജനവിധി തേടുന്നത്. 2.71 കോടി വോട്ടർമാരാണ് സംസ്ഥാനത്തുള്ളത്. 30,495 പോളിങ്ങ് ബൂത്തുകൾ വോട്ടെടുപ്പിനായി സജ്ജീകരിച്ചിട്ടുണ്ട്. ഇതിൽ 2,040 എണ്ണം പ്രശ്നബാധിത ബൂത്തുകളാണ്. മണ്ഡലങ്ങളിൽ ഇന്ന് നിശബ്ദ

പ്രചാരണമാണ് നടക്കുന്നത്. പ്രകടനങ്ങളോ, പൊതുയോഗങ്ങളോ മൈക്ക് കെട്ടിയുള്ള പ്രചാരണമോ ഇക്കാലയളവിൽ അനുവദനീയമല്ല. വോട്ടെടുപ്പ് പൂർത്തിയാകും വരെ സംസ്ഥാനത്ത് മദ്യനിരോധനx ഏർപ്പെടുത്തിയിട്ടുണ്ട്. പോളിംഗ് സാമഗ്രികളുടെ വിതരണം രാവിലെ ആരംഭിച്ചു. പോളിങ്ങ് ഉദ്യോഗസ്ഥർ വിതരണ കേന്ദ്രങ്ങളിലെത്തി വോട്ടിങ്ങ് യന്ത്രങ്ങളും, വിവിപാറ്റ് മെഷീനുകളും, അനുബന്ധ സാമഗ്രികളും ഏറ്റുവാങ്ങി.

പൂർണമായും ഹരിതചട്ടം പാലിച്ചാണ് വോട്ടെടുപ്പ് നടക്കുക. 76,000 ഉദ്യോഗസ്ഥരെയാണ് സംസ്ഥാനത്തുടനീളം സുരക്ഷാ ക്രമീകരണങ്ങൾക്കായി വിനിയോഗിച്ചിട്ടുള്ളത്. കേന്ദ്ര സേനയുടെ 160 സംഘങ്ങളും സംസ്ഥാനത്ത് എത്തിയിട്ടുണ്ട്. വോട്ടെടുപ്പുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നാളെ പൊതു അവധി നൽകിയിട്ടുണ്ട്. സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാർക്കടക്കം വേതനത്തോട് കൂടിയ അവധി ബാധകമാണ്.

&&&&&&&&&&&&&&&&&

## <u>ELECTION TVM (INTRO)</u>

***<u>തിരുവനന്തപുരം ജില്ലയിൽ പോളിംഗ് സാമഗ്രികളുടെ വിതരണം രാവിലെ 8 മണിയോടെ ആരംഭിച്ചു.</u>***

***<u>വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്....</u>***

***<u>(വോയിസ്)</u>***

&&&&&&&&&&&&&&&&&

## <u>ELECTION-KANNUR (INTRO)</u>

***<u>നിയമസഭാ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് കണ്ണൂർ ജില്ലയിൽ അതീവ ജാഗ്രത തുടരുകയാണ്. കേരളത്തിലെ ഏറ്റവും കൂടുതൽ പ്രശ്ന സാധ്യതയുള്ള ബൂത്തുകൾ കണ്ണൂർ ജില്ലയിൽ ആണെന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലാണ് സുരക്ഷ ശക്തമാക്കിയിട്ടുള്ളത്.</u>***

***<u>കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ....</u>***

*(വോയിസ്)*

&&&&&&&&&&&&&&&&&

**POLLING AGENT**

വോട്ടെടുപ്പിന് പോളിംഗ് ഏജന്റുമാരുടെ ഇരിപ്പിട ക്രമീകരണം സംബന്ധിച്ച് പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറത്തിറക്കിയിട്ടില്ലെന്ന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. വിവിധ രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളെ പോളിംഗ് ബൂത്തുകളിൽ ഇരിക്കാൻ അനുവദിക്കില്ലെന്ന് അവകാശപ്പെടുന്ന ചില വാർത്തകൾ പ്രചരിച്ചതിനെ തുടർന്നാണ് വിശദീകരണം. പോളിംഗ് ഏജന്റുമാരെ സംബന്ധിച്ച നിലവിലുള്ള എല്ലാ മാർഗ്ഗനിർദ്ദേശങ്ങളും മാറ്റമില്ലാതെ തുടരുമെന്നും കമ്മീഷൻ അറിയിച്ചു.

&&&&&&&&&&&&&&&&&

**ELECTION PHONE**

നിയമസഭാ തിരഞ്ഞെടുപ്പിനുള്ള വോട്ടെടുപ്പ് ദിവസം പോളിങ് ബൂത്തിനുള്ളിൽ മൊബൈൽ ഫോൺ അനുവദിക്കില്ല. വോട്ടെടുപ്പിന്റെ രഹസ്യ സ്വഭാവം സൂക്ഷിക്കുന്നതും സുരക്ഷാ സംവിധാനങ്ങളും കണക്കിലെടുത്താണ് നടപടി. മൊബൈൽ ഫോൺ സൂക്ഷിക്കുന്നതിനായി ചില ജില്ലകളിൽ ഹരിത മൊബൈൽ പൗച്ചുകളും ഏർപ്പെടുത്തും.

&&&&&&&&&&&&&&&&&

**HEADLINE-2**

**ELECTION OTHER STATES**

കേരളത്തിന് പുറമേ, നാളെ വോട്ടെടുപ്പ് നടക്കുന്ന പുതുച്ചേരിയിലും, അസമിലും ഒരുക്കങ്ങൾ പുരോഗമിക്കുകയാണ്. അസമിലെ 126 മണ്ഡലങ്ങളിലേക്കും, പുതുച്ചേരിയിലെ 30 മണ്ഡലങ്ങളിലേക്കുമാണ് തിരഞ്ഞെടുപ്പ് നടക്കുന്നത്. കേരളമടക്കം നാല് സംസ്ഥാനങ്ങളിലും പുതുച്ചേരിയിലും വോട്ടെണ്ണൽ മെയ് നാലിനാണ്.

&&&&&&&&&&&&&&&&&

**WB-VOTER LISTS**

പശ്ചിമബംഗാളിൽ തീവ്ര വോട്ടർപട്ടിക പരിഷ്കരണത്തിലൂടെ വോട്ടർ പട്ടികയിൽ നിന്ന് നീക്കം ചെയ്യുവരുടെ എണ്ണം 91 ലക്ഷമായി. മുൻപ് നീക്കം ചെയ്യ 63 ലക്ഷം പേർക്ക് പുറമേ, ജുഡീഷ്യൽ ഓഫീസർമാരുടെ പരിശോധനയ്ക്ക് ശേഷം 27 ലക്ഷം വോട്ടർമാർ കൂടി വോട്ടർ പട്ടികയിൽ നിന്ന് നീക്കം ചെയ്യപ്പെട്ടു. മൂർഷിദാബാദ്, നോർത്ത് 24 പർഗാനാസ്, മാൽദ, നാദിയ ജില്ലകളിൽ നിന്നാണ് ഏറ്റവും കൂടുതൽപേർ പട്ടികയിൽ നിന്നും പുറത്തായത്. രണ്ട് ഘട്ടങ്ങളായി തിരഞ്ഞെടുപ്പ് നടക്കുന്ന പശ്ചിമബംഗാളിൽ ഈ മാസം 23, 29 തീയതികളിലാണ് വോട്ടെടുപ്പ്.

&&&&&&&&&&&&&&&&&&

ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്......

(ബ്രേക്ക്)

&&&&&&&&&&&&&&&&&&

HEADLINE-3

CEASEFIRE

പശ്ചിമേഷ്യൻ പ്രതിസന്ധിക്ക് താൽകാലിക ആശ്വാസം പകർന്ന് അമേരിക്കയും ഇറാനും രണ്ടാഴ്ചത്തെ വെടിനിർത്തലിന് സമ്മതം അറിയിച്ചു. തീരുമാനത്തിന് ഇസ്രയേലും പിന്തുണ അറിയിച്ചു. ഇരുവശത്തുനിന്നുമുള്ള ആക്രമണങ്ങൾ ഉടൻ നിർത്തിവയ്ക്കാനും, ഹോർമുസ് കടലിടുക്ക് കപ്പൽ ഗതാഗതത്തിനായി തുറന്നു നൽകാനുമാണ് ധാരണ. കരാർ നയതന്ത്രത്തിൻറെ വിജയമാണെന്ന് യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ് പറഞ്ഞു. ഇറാൻ മുന്നോട്ട് വച്ച നിർദ്ദേശങ്ങൾ യു.എസ്. അംഗീകരിച്ചത് വിജയമാണെന്ന് ഇറാൻ പരമോന്നത ദേശീയ സുരക്ഷാ കൗൺസിൽ വ്യക്തമാക്കി. ആക്രമണം രണ്ടാഴ്ചത്തേക്ക് നിർത്തിവയ്ക്കാനുള്ള തീരുമാത്തിന് പിന്തുണ അറിയിച്ച ഇസ്രായേൽ പ്രധാനമന്ത്രി ബെന്യമിൻ നെതന്യാഹു വെടിനിർത്തലിൽ ലെബനൻ ഉൾപ്പെടുന്നില്ലെന്നും അറിയിച്ചു. എന്നാൽ ശാശ്വത വെടിനിർത്തലിന് ഇസ്രായേൽ ലെബനനിലെ ആക്രമണങ്ങൾ അവസാനിപ്പിക്കണമെന്ന്

ഇറാൻ ആവശ്യപ്പെട്ടു. വെടിനിർത്ത  തീരുമാനത്തെ യുഎൻ സെക്രട്ടറി ജനറൽ അൻറോണിയോ ഗുട്ടറസ് സ്വാഗതം ചെയ്തു.

&&&&&&&&&&&&&&&&&&

## HEADLINE-4

### CRUDE OIL+SENSEX+GOLD

യുഎസും ഇറാനും തമ്മിൽ വെടിനിർത്തലിന് ധാരണയായതോടെ ആഗോള എണ്ണവില കുത്തനെ ഇടിഞ്ഞു. ബ്രെന്റ് ക്രൂഡ് വില 16 ശതമാനത്തോളം ഇടിഞ്ഞ് ബാരലിന് 92 യുഎസ് ഡോളറിലെത്തി. രാജ്യത്തെ ഓഹരി വിപണികളും കുതിച്ചുയർന്നു. സെൻസെക്സ് 2,734 പോയിന്റ് നേട്ടത്തിൽ 77,350 ലും നിഫ്റ്റി 813 പോയിന്റ് ഉയർന്ന് 23,936 ലും വ്യാപാരം തുടരുന്നു.

സ്വർണ്ണ വില കൂടി. പവന് 2,920 രൂപ വർധിച്ച് ഒരു ലക്ഷത്തി 12,800 രൂപയും ഗ്രാമിന് 14,100 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&

## HEADLINE-5

### RBI MONETARY POLICY (intro)

*അടിസ്ഥാന ബാങ്കിങ് നിരക്കുകളിൽ മാറ്റം വരുത്താതെ റിസർവ് ബാങ്ക് നടപ്പു സാമ്പത്തിക വർഷത്തെ ആദ്യ ദ്വൈമാസ ധനനയം പ്രഖ്യാപിച്ചു. റിപ്പോ നിരക്ക് 5.25 ശതമാനമായി തുടരും. വായ്പ-പലിശ നിരക്കുകളിൽ മാറ്റമുണ്ടാകില്ല. കഴിഞ്ഞ സാമ്പത്തിക വർഷത്തെ ജിഡിപി 7.6 ശതമാനവും നടപ്പു സാമ്പത്തിക വർഷത്തിൽ ഇത് 6.9 ശതമാനവുമാണ് പ്രതീക്ഷിക്കുന്നതെന്ന് ആർബിഐ ഗവർണർ സഞ്ജയ് മൽഹോത്ര വ്യക്തമാക്കി .*

*(ഹോൾഡ്)*

*4.6 ശതമാനം സി.പി.ഐ പണപ്പെരുപ്പമാണ് നടപ്പ് സാമ്പത്തിക വർഷത്തിൽ കണക്കാക്കിയിരിക്കുന്നത്. പശ്ചിമേഷ്യൻ പ്രതിസന്ധി, എൽ നിനോ പ്രതിഭാസം എന്നിവ പണപ്പെരുപ്പം ഉയരാൻ കാരണമായേക്കുമെന്ന ആശങ്കയും ആർബിഐ ഗവർണർ പങ്കുവച്ചു.*

&&&&&&&&&&&&&&&&&&

**S Jaishanka**

വിദേശകാര്യമന്ത്രി എസ്. ജയശങ്കർ ബംഗ്ലാദേശ് വിദേശകാര്യ മന്ത്രി ഖലീലുർ റഹ്മാനുമായി ഇന്ന് ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തും. മൂന്ന് ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിനായി ഖലീലുർ റഹ്മാൻ ഇന്നലെ വൈകുന്നേരമാണ് ഇന്ത്യയിലെത്തിയത്.

&&&&&&&&&&&&&&&&&&

**Vikram Misri**

വിദേശകാര്യ മന്ത്രാലയ സെക്രട്ടറി വിക്രം മിസ്രിയുടെ മൂന്ന് ദിവസത്തെ യുഎസ് സന്ദർശനത്തിന് ഇന്ന് തുടക്കം. വാഷിംഗ്ടൺ ഡി.സി.യിലെത്തുന്ന അദ്ദേഹം, യുഎസ് ഭരണകൂടത്തിലെ മുതിർന്ന ഉദ്യോഗസ്ഥരുമായി വ്യാപാരം, പ്രതിരോധം, ശാസ്ത്ര സാങ്കേതിക വിദ്യ എന്നിവയുൾപ്പെടെയുള്ള വിവിധ വിഷയങ്ങളിൽ ചർച്ചകൾ നടത്തും. ഇരുരാജ്യങ്ങൾക്കും താൽപര്യമുള്ള പ്രാദേശിക- ആഗോള വിഷയങ്ങളും കൂടിക്കാഴ്ചകളിൽ ചർച്ചയാകും.

&&&&&&&&&&&&&&&&&&

**JK HIGHWAY CLOSE**

ബനിഹാലിന് സമീപം മണ്ണിടിച്ചിലിൽ ഉണ്ടായതിനെ തുടർന്ന് ജമ്മു-ശ്രീനഗർ ദേശീയ പാത 44 വീണ്ടും അടച്ചു. റംബാൻ ജില്ലയിൽ തുടർച്ചയായി പെയ്ത കനത്ത മഴയാണ് മണ്ണിടിച്ചിലിന് കാരണമായത്. തുടർച്ചയായി പെയ്യുന്ന മഴ പാത വീണ്ടും തുറക്കാനുള്ള പ്രവർത്തനങ്ങൾ ദുഷ്കരമാക്കുകയാണ്.

&&&&&&&&&&&&&&&&&&

**HEADLINE-6**

**IPL**

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ഡൽഹി കാപിറ്റൽസ്, ഗുജറാത്ത് ടൈറ്റൻസിനെ നേരിടും. ഡൽഹിയിൽ രാത്രി 7.30 നാണു മത്സരം.

&&&&&&&&&&&&&&&&&&

**WEATHER**

സംസ്ഥാനത്ത് താപനില ഉയരുന്നു. ഉയർന്ന അൾട്രാവയലറ്റ് സൂചിക റിപ്പോർട്ട് ചെയ്യുന്ന പശ്ചാത്തലത്തിൽ കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. തിരുവനന്തപുരം ഒഴികെയുള്ള ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.

&&&&&&&&&&&&&&&&&&

**Muhsina Kidwai**

മുതിർന്ന കോൺഗ്രസ് നേതാവും മുൻ കേന്ദ്ര മന്ത്രിയുമായ മുഹ്സിന കിദ്വായ് അന്തരിച്ചു. 94 വയസായിരുന്നു. നോയിഡയിലെ ആശുപത്രിയിൽ ഇന്ന് പുലർച്ചെയായിരുന്നു അന്ത്യം. പ്രമുഖ നേതാക്കൾ മുഹ്സിന കിദ്വായുടെ വിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തി.

&&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&